# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4052** **16.12.2014 ൽ മറുപടിയ്ക്ക്**

## കൊച്ചി മെട്രോ റെയിൽ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത് | ശ്രീ.ആര്യാടൻ മുഹമ്മദ് (ഊർജ്ജവും റെയിൽവേയും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കൊച്ചി മെട്രോറെയിൽ പദ്ധതി യുടെ ഒന്നാം ഘട്ടം എന്ന് പൂർത്തി യാക്കാനാവുമെന്നും ഇതിന്റെ ദൂരം എത്രയാണെന്നും ഏതൊക്കെ സ്ഥലങ്ങൾ തമ്മിൽ ബന്ധിപ്പിച്ചാ ണെന്നും ആദ്യഘട്ടത്തിലെ സ്റ്റേഷനുകൾ ഏതൊക്കെ യാണെന്നും ഇതിന് പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്നും വ്യക്തമാക്കുമോ; | (എ) | കൊച്ചി മെട്രോറെയിൽ പദ്ധതി യുടെ ഒന്നാം ഘട്ടം 2017 ജൂണിൽ പൂർത്തിയാക്കാനാവുമെന്നു പ്രതീക്ഷിക്കുന്നു. ആലുവ മുതൽ പേട്ട വരെ 25.6 കിലോമീറ്ററാണ് ഇതിന്റെ ദൂരം. ആലുവ, പുളിഞ്ചോട്, കമ്പനിപ്പടി, അമ്പാട്ടുകാവ്, മുട്ടം, കളമശ്ശേരി, കൊച്ചിൻ യൂണിവേഴ്സിറ്റി, പത്തടിപ്പാലം, ഇടപ്പള്ളി, ചങ്ങമ്പുഴ പാർക്ക്, പാലാരിവട്ടം, ജെ.എൽ.എൻ. സ്റ്റേഡിയം, കലൂർ, ലിസ്സി ജംഗ്ഷൻ, എം.ജി. റോഡ്, മഹാരാജാസ് കോളേജ്, എറണാകുളം സൗത്ത്, കടവന്ത്ര, എളംകുളം, വൈറ്റില, തൈക്കൂടം, പേട്ട എന്നിവയാണ് ആദ്യഘട്ടത്തിലെ സ്റ്റേഷനുകൾ. 5181.79 കോടി രൂപയാണ് ഇതിന് പ്രതീക്ഷിക്കുന്ന ചെലവ്. |
| (ബി) | തുടർന്നുള്ള രണ്ടാംഘട്ട പദ്ധതിയുടെ വിശദാംശങ്ങളും ഇതെന്ന് പൂർത്തിയാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ; | (ബി) | കൊച്ചി മെട്രോയുടെ വിപുലീകരണത്തിന്റെ ഭാഗമായി ഇപ്പോഴത്തെ അവസാന സ്റ്റേഷനായ പേട്ട മുതൽ തൊട്ടടുത്ത പ്രധാന ടൗൺഷിപ്പായ തൃപ്പൂണിത്തുറ വരെ നീട്ടുന്നതിനായുള്ള കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (കെ.എം.ആർ.എൽ) ന്റെ പദ്ധതി രൂപരേഖ സംസ്ഥാന സർക്കാർ അംഗീകരിച്ച് കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. 2 കിലോമീറ്റർ ദൂരത്തിൽ 2 സ്റ്റേഷനുകൾ ആണ് ഇതിൽ വിഭാവന ചെയ്യുന്നത്. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായ ശേഷം മൂന്നര വർഷം കൊണ്ട് ഉദ്ദേശം 359 കോടി രൂപ ചെലവു വരുന്ന ഈ പദ്ധതി പൂർത്തിയാക്കാനാണ് രണ്ടാം ഘട്ടത്തിൽ ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | കൊച്ചി മെട്രോ പോലെ നഗര ഹൃദയങ്ങളിൽ നടപ്പാക്കുന്ന റെയിൽ ഗതാഗതപദ്ധതികൾ സംസ്ഥാനത്ത് മറ്റെവിടെയെങ്കിലും നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ? | (സി) | കൊച്ചി മെട്രോയ്ക്ക് സമാനമായ മറ്റ് പദ്ധതികൾ ഒന്നും ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ